**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** **10-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അരൂർ ഫയർ സ്റ്റേഷൻ നിർമ്മണത്തിന് എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആലപ്പുഴയിൽ അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ “4059-01-051-86" എന്ന ശീർഷകത്തിൽ 290 ലക്ഷം രൂപ വകയിരുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ല. |
| (സി) | ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സി.ആർ.ഇസഡ്. പരിധിയിൽ പ്രത്യേക ഇളവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (സി) | നിർമാണത്തിന് CRZ പരിധിയിൽ പൊതുവായ നിബന്ധനകളാണ് നിലവിലുള്ളത് |
| (ഡി) | ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ തീരദേശ പരിപാലന സമിതിയുടെ അംഗീകാരത്തിനായി അരൂർ ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുകയും അരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ കൂടി ലഭ്യമാക്കി CRZ ക്ളിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ